# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/226/2018 2018 ഒക്ടോബർ 24

## എം.ജി. വാർത്താക്കുറിപ്പ്

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ മെഗാ തൊഴിൽമേള നവംബർ മൂന്നിന്

**–ഒക്ടോബർ 26നകം പേര് രജിസ്റ്റർ ചെയ്യണം**

മഹാത്മാ ഗാന്ധി സർവകലാശാല പ്ലേസ്‌മെന്റ് സെല്ലും എംപ്ലോയബിലിറ്റി സെന്ററും നാഷണൽ എംപ്ലോയ്‌മെന്റ് സർവീസും സംയുക്തമായി സംഘടിപ്പിക്കുന്ന മെഗാ തൊഴിൽമേള 'ദിശ 2018' നവംബർ മൂന്നിന് കോട്ടയത്തെ എം.ജി. സർവകലാശാല കാമ്പസിൽ നടക്കും.

എം.ബി.എ., എം.സി.എ., ഐ.റ്റി.ഐ., ഡിപ്ലോമ, ബി.ടെക് കമ്പ്യൂട്ടർ സയൻസ്/ഐ.റ്റി., ബി.ബി.എ., എന്നിവയടക്കമുള്ള ബിരുദവും വിവിധ ബിരുദാനന്തര ബിരുദമുള്ളവർക്കും അവസാന വർഷ ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്കും പങ്കെടുക്കാം. ബാങ്കിങ്, സെയിൽസ്, മാർക്കറ്റിങ്, ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ, ഐ.റ്റി., കെ.പി.ഒ., ബി.പി.ഒ. അടക്കം വിവിധ മേഖലയിലെ 34 തൊഴിൽദാതാക്കൾ മേളയിൽ പങ്കെടുക്കും.

താത്പര്യമുള്ളവർ ഒക്ടോബർ 26നകം കോട്ടയം സിവിൽ സ്‌റ്റേഷനിലെ ജില്ലാ എംപ്ലോയ്‌മെന്റ് ഓഫീസ് എംപ്ലോയിബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്യണം. വിശദവിവരത്തിന് ഫോൺ: 9745734942, 0481 2563451.

## പരീക്ഷ ഫലം റദ്ദാക്കി

സ്‌കൂൾ ഓഫ് എൺവയൺമെന്റൽ സയൻസസിൽ 2018 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി.(എൺവയൺമെന്റൽ സയൻസ് മാനേജ്‌മെന്റ്, എൺവയൺമെന്റൽ സയൻസ് ആൻഡ് ഡിസാസ്റ്റർ മാനേജ്‌മെന്റ്) പരീക്ഷകളുടെ സെപ്റ്റംബർ 17ന് പ്രഖ്യാപിച്ച ഫലം റദ്ദാക്കി.

## സ്‌പെഷൽ മേഴ്‌സി ചാൻസ് പരീക്ഷ: ഡിസംബർ 17 വരെ അപേക്ഷിക്കാം

ബിരുദ, ബിരുദാനന്തര പരീക്ഷകൾക്കായി പ്രത്യേക മേഴ്‌സി ചാൻസ് പരീക്ഷ നടത്തുന്നു. ബിരുദതലത്തിൽ ബി.എ./ബി.എസ്‌സി./ബി.കോം മോഡൽ II (1998-2008 അഡ്മിഷൻ), ബി.പി.റ്റി.(2000-2010), ബി.ബി.എ.(1994-1999), ബി.എസ് സി. എം.എൽ.റ്റി.(2000-2010),

ബി.എസ് സി. എം.ആർ.ടി.(2000-2012), ബി.ഫാം (2000-2010), ബി.എഡ്.(2006-2008, 2009-2012), എൽ.എൽ.ബി. ത്രിവത്സരം(1993ന് മുമ്പ്, 1993-1997), എൽ.എൽ.ബി. പഞ്ചവത്സരം(1994 അഡ്മിഷൻ മേഴ്സി ചാൻസ്) എന്നീ കോഴ്സുകൾക്കാണ് മേഴ്സി ചാൻസ്. എം.ബി.എ.(2000-2013), എം.സി.എ.(2000-2010), എം.എഡ്.(2002-2010), എം.ടെക്(2009-2013), എം.എസ്‌സി. മെഡിക്കൽ മൈക്രോ ബയോളജി(2000-2011), എം.എസ്‌സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ(2000-2013), എം.എസ്‌സി. മെഡിക്കൽ ഡോക്യുമെന്റേഷൻ(2000-2013), എം.എച്ച്.എ. ആൻഡ് എം.പി.എച്ച്. (2000-2013), എം.എസ് സി. അപ്ലൈഡ് ഇലക്ട്രോണിക്സ്(ഈവൻ സെമസ്റ്റർ, 2004-2013), എം.എസ് സി. അപ്ലൈഡ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ(2000-2014), എം.എസ് സി. അക്വാകൾച്ചർ ആൻഡ് ഫിഷ് പ്രോസസിങ് (2000-2014) എന്നീ ബിരുദാനന്തരബിരുദ കോഴ്സുകൾക്കാണ് മേഴ്സി ചാൻസ്. പിഴയില്ലാതെ ഡിസംബർ 17 വരെയും 50 രൂപ പിഴയോടെ ഡിസംബർ 19 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഡിസംബർ 22 വരെയും അപേക്ഷിക്കാം. പരീക്ഷ ഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമേ 5000 രൂപ സ്പെഷൽ ഫീസ് അടയ്ക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്.(2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) ബിരുദപരീക്ഷയിലെ ബയോ ഇൻസ്ട്രുമെന്റേഷൻ ആൻഡ് ടെക്നിക്ക്സ്(മൈക്രോബയോളജി), പേഴ്സണൽ ഇഫക്ടീവ്നെസ്(സൈക്കോളജി) ഓപ്പൺ കോഴ്സ് പരീക്ഷ നവംബർ 21ന് നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

## പരീക്ഷ ഫലം

2018 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ ബി.സി.എ. സ്പെഷൽ മേഴ്സി ചാൻസ് (2005 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ ഏഴ് വരെ അപേക്ഷിക്കാം.

## ജൈവസാമ്പത്തിക വ്യവസ്ഥയിൽ ബയോമാസിന്റെ ഉപയോഗം: രാജ്യാന്തര പ്രഭാഷണം ഇന്ന്

ജൈവസാമ്പത്തിക വ്യവസ്ഥയിൽ ബയോമാസിന്റെ ഉപയോഗത്തെക്കുറിച്ച് മഹാത്മാ ഗാന്ധി സർവലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർയൂണിവേഴ്സിറ്റി നാനോസയൻസ്-നാനോടെക്നോളജി കേന്ദ്രം സംഘടിപ്പിക്കുന്ന രാജ്യാന്തര പ്രഭാഷണം ഇന്ന്(ഒക്ടോബർ 25) നടക്കും.

ഉച്ചകഴിച്ച് 3.30ന് സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നെതർലൻഡ് വാഗിനിൻഞെൻ സർവകലാശാലയിലെ പ്രൊഫ. ജാൻ വാൻ ഡാം മുഖ്യപ്രഭാഷണം നടത്തും. ബയോമാസ്, ബയോമെറ്റീരിയൽ ഫുഡ്സയൻസ് വിഷയങ്ങളിലെ അതികായനാണ് ജാൻ വാൻ ഡാം. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഐ.ഐ.യു.സി.എൻ.എൻ. ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ പങ്കെടുക്കും. ജാൻ വാൻ ഡാം വിദ്യാർഥികളുമായി സംവദിക്കും.

## കൈരളി ഗവേഷക പുരസ്കാരം:

## അപേക്ഷ 31 വരെ

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേഷകർക്കും അധ്യാപകർക്കുമായി ഏർപ്പെടുത്തിയ കൈരളി ഗവേഷക പുരസ്കാരങ്ങൾക്ക് ഒക്ടോബർ 31 വരെ അപേക്ഷിക്കാം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

## ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷ

## മൂല്യനിർണയം നവംബർ രണ്ടുമുതൽ

രണ്ടും അഞ്ചും സെമസ്റ്റർ ബിരുദം, രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദം പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾ നവംബർ രണ്ടുമുതൽ 12 വരെ നടക്കും. ഇതിനായി നവംബർ രണ്ടു മുതൽ 12 വരെ സർവകലാശാലയ്ക്കു കീഴിലുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകൾ അടച്ചിടാനും അധ്യാപകരെ മൂല്യനിർണയ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിന് വിടുതൽ ചെയ്യാനും ഉത്തരവായി. പ്രിൻസിപ്പൽമാർ ഉത്തരവ് പാലിക്കണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

## ചോദ്യബാങ്ക് തയാറാക്കൽ ക്യാമ്പ്

## ഇന്നു മുതൽ; അധ്യാപകർ പങ്കെടുക്കണം

മൂന്നാംസെമസ്റ്റർ സി.ബി.സി.എസ്. പരീക്ഷകളുടെ ചോദ്യബാങ്ക് തയാറാക്കുന്നതിനായി ഇന്ന് (ഒക്ടോബർ 25) മുതൽ ഒക്ടോബർ 27 വരെ വിവിധ കോളജുകളിൽ നടക്കുന്ന ക്യാമ്പിൽ ബന്ധപ്പെട്ട അധ്യാപകർ പങ്കെടുക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ